**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** **18-01-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പ്രദീപ് കുമാർ | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് സ്ഥലം ഏറ്റെടുത്ത്, വീതികൂട്ടി പുനരുദ്ധരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) | കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾ: (1) പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ് (2) കാരപ്പറമ്പ് - തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ് (3) അരയിടത്തുപാലം - കാരന്തൂർ റോഡ്. |
| (ബി) | ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്ന് വിശദമാക്കുമോ; | (ബി) | (1) പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ് - ഭരണാനുമതി 10 കോടി, സാമ്പത്തികാനുമതി - 155.45 കോടി(സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തിക അനുമതി 106.92 കോടി ഉൾപ്പെടെ 155.45 കോടി) (2) കാരപ്പറമ്പ് - തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ് - ഭരണാനുമതി 10 കോടി, സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തിക അനുമതി 20 കോടി(പ്രവൃത്തി തുടങ്ങുന്നതിനു വേണ്ടിയുള്ള സാമ്പത്തിക അനുമതി ലഭിച്ചിട്ടില്ല). (3) അരയിടത്തുപാലം - കാരന്തൂർ റോഡ് ഭരണാനുമതി 30 കോടി, സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തിക അനുമതി 205 കോടി(പ്രവൃത്തി തുടങ്ങുന്നതിനു വേണ്ടിയുള്ള സാമ്പത്തിക അനുമതി ലഭിച്ചിട്ടില്ല) |
| (സി) | ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കാരപ്പറമ്പ് - തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡിന് സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഭൂരേഖകൾ സമാഹരിക്കുന്ന ഘട്ടത്തിലാണ്. അരയിടത്തുപാലം - കാരന്തൂർ റോഡ് ഫേസ്-1 സ്ഥലമേറ്റെടുക്കുന്നതിന് ആവശ്യമായ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ